"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- സാമൂഹിക പ്രസക്തി നിലനിൽക്കുന്ന വിഷയം അടങ്ങുന്ന "മഴവില്ലിനറ്റം വരെ" എന്ന ചലച്ചിത്രത്തിന്റെ വിനോദ നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.2227/2025/LSGD തീയതി,തിരുവനന്തപുരം, 18-09-2025

---

പരാമർശം:- 1. ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ അപേക്ഷ

**<u>ഉത്തരവ്</u>**

"മഴവില്ലിനറ്റം വരെ" എന്ന ചലച്ചിത്രം വിതരണത്തിന് തയ്യാറായിരിക്കുകയാണെന്നും, ഇന്നത്തെ സാമൂഹ്യ പരിസ്ഥിതിയിൽ ഏറെ പ്രസക്തമായ ഈ ചിത്രത്തിന് വിനോദ നികുതി ഇളവ് നൽകണമെന്നും ചലച്ചിത്രത്തിന്റെ നിർമ്മാതാവായ ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ ഏറെ പ്രസക്തമായ സാർവലൗകികമായ സ്നേഹം, അതിരുകളും മതിലുകളും ഇല്ലാത്ത ലോകം എന്നീ വിഷയങ്ങളാണ് ഈ ചലച്ചിത്രത്തിന്റെ പ്രമേയം എന്നത് പരിഗണിച്ചുകൊണ്ട് ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി സംവിധാനം ചെയ്ത് നിർമിച്ച "മഴവില്ലിനറ്റം വരെ" എന്ന ചലച്ചിത്രത്തിന്റെ വിനോദ നികുതി ഒഴിവാക്കി ഉത്തരവാകുന്നു. പൊതുജനങ്ങൾക്ക് നൽകുന്ന ടിക്കറ്റ് ചാർജ്ജിൽ നിന്നും വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
3. ശ്രീ ഡോ. എം. കെ. മുനീർ (കൊടുവള്ളി), കേരള നിയമസഭ, കെ.എം.ഓർഫനേജിന് എതിർവശം, കൊടുവള്ളി പി. ഒ. കോഴിക്കോട്-673572
4. ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരി, തിരുവണ്ണൂർ, കോഴിക്കോട് ജില്ല 673029
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/469/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Pradeesh M.

Date: 18-09-2025 10:43:49